"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി — 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം ശ്രീമതി.ഷൈമ നൗഷാദ്, നിലമച്ചരിഴികം, തെക്കുംഭാഗം.പി.ഒ, പരവൂർ, കൊല്ലം സമർപ്പിച്ച അപ്പീൽ പെറ്റീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.746/2025/ID തീയതി,തിരുവനന്തപുരം, 23-06-2025

---

പരാമർശം:-

1. മടവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 30.05.2024 തീയതിയിലെ 400207/BPRL01/General/2021/2812(2) നമ്പർ നടപടിക്രമം.
2. തിരുവനന്തപുരം ജില്ലാ ജിയോളജിസ്റ്റിന്റെ 02.08.2024 തീയതിയിലെ DOTHI-DMG/1002-2023-E നമ്പർ ഡിമാന്റ് നോട്ടീസ്.
3. ശ്രീമതി.ഷൈമ നൗഷാദ്, നിലമച്ചരിഴികം, തെക്കുംഭാഗം.പി.ഒ, പരവൂർ, കൊല്ലം 03.09.2024 തീയതിയിൽ സമർപ്പിച്ച അപ്പീൽ പെറ്റീഷൻ
4. മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ 07.05.2025 - ലെ ഡിഎംജി/1168/2025-എം3 നമ്പർ റിപ്പോർട്ട്

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിലെ വർക്കല താലൂക്കിൽ മടവൂർ വില്ലേജിൽ ബ്ലോക്ക് നം. 28 ൽ റീ സർവ്വേ നം. 206/7-1, 206/1 ൽപ്പെട്ട വസ്തുവിൽ നിന്നും മടവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അനുവദിച്ച ബിൽഡിംഗ് പെർമിറ്റിന്റെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി 4332 മെ.ടൺ സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിന് ശ്രീമതി.ഷൈമ നൗഷാദ്, നിലമച്ചരിഴികം, തെക്കുംഭാഗം.പി.ഒ, പരവൂർ, കൊല്ലം എന്ന വ്യക്തിക്ക് തിരുവനന്തപുരം ജില്ലാ ജിയോളജി ഓഫീസിൽ നിന്നും അനുമതി നൽകിയിരുന്നുവെങ്കിലും, അനുമതി നൽകി ഒരു വർഷത്തിനുള്ളിൽ കെട്ടിടത്തിന്റെ അടിത്തറ നിർമ്മാണമെങ്കിലും പൂർത്തിയാക്കി ജില്ലാ ഓഫീസിൽ അറിയിക്കാത്തതിനെ തുടർന്ന് അനുമതി നൽകിയ 4332 മെ.ടൺ മണ്ണിന്റെ റോയൽറ്റിയുടെ 5 ഇരട്ടിയായ 3,20,000/- രൂപ പെനാൽറ്റിയായി ഒടുക്കുന്നതിനാവശ്യപ്പെട്ട് 02.08.2024 തീയതിയിൽ തിരുവനന്തപുരം ജിയോളജിസ്റ്റ് നൽകിയ പരാമർശം (2) പ്രകാരമുള്ള ഡിമാന്റ് നോട്ടീസിനെതിരെ സ്ഥലംഉടമയായ ശ്രീമതി.ഷൈമ നൗഷാദ്, നിലമച്ചരിഴികം, തെക്കുംഭാഗം.പി.ഒ, പരവൂർ, കൊല്ലം പരാമർശം (3) പ്രകാരം ഒരു അപ്പീൽ ഹർജി സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. അപ്പീൽ ഹർജിയുമായി ബന്ധപ്പെട്ട് അപ്പീൽ അധികാരിയായ വ്യവസായ വകുപ്പ് അഡീഷണൽ സെക്രട്ടറി 23/05/2025 ന് നടത്തിയ ഹിയറിംഗിൽ അപ്പീൽ കക്ഷിയും, മടവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും, തിരുവനന്തപുരം ജില്ലാ ജിയോളജിസ്റ്റും, മൈനിംഗ് &

ജിയോളജി വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറും പങ്കെടുക്കുകയുണ്ടായി.

3. ഹിയറിംഗ് വേളയിൽ അപ്പീൽ കക്ഷി ബോധിപ്പിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം ജില്ലയിൽ വർക്കല താലൂക്കിൽ, മടവൂർ വില്ലേജിൽ ബ്ലോക്ക് നം. 28 ൽ റീ സർവേ നം. 206/7-1, 206/1 ൽ പ്പെട്ടതും തന്റെ ഉടമസ്ഥതയിൽ ഉള്ളതുമായ വസ്തുവിൽ നിന്നും മടവൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അനുവദിച്ച ബിൽഡിംഗ് പെർമിറ്റിന്റെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി 4332 മെട്രിക് ടൺ മണ്ണ് നീക്കുന്നതിന് 04.03.2023 -ൽ അനുമതി നല്കിയിരുന്നു. എന്നാൽ നിശ്ചിത സമയ പരിധിക്കുള്ളിൽ കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായ അടിത്തറ നിർമ്മാണം പൂർത്തിയാക്കി അറിയിക്കാത്തതിനാൽ ടി സ്ഥലത്തുനിന്നും ആകെ നീക്കം ചെയ്ത 3200 മെട്രിക് ടണ്ണിന്റെ റോയൽറ്റിയും പിഴയുമായി 3,20,000/- രൂപ ഒടുക്കുന്നതിനായി 22.08.2024- ൽ അറിയിച്ചിരിക്കുകയാണ്. മേൽ പ്രകാരം തന്റെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായതിൽ താൻ കുറ്റക്കാരിയല്ല . തനിക്ക് അനുവദിച്ച പെർമിറ്റ് പ്രകാരം മണ്ണ് നീക്കം ചെയ്യുന്ന വേളയിൽ ശ്രീ. ടി. സി. സുരേഷ്, ശ്രീപാദം, വി. എൻ. ആർ. എ.7, ഗവ.ആശുപത്രിക്ക് സമീപം, വർക്കല എന്ന വ്യക്തി അനാവശ്യമായി പരാതി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ, തന്റെ വസ്തുവിന്റെ അതിർത്തിയിൽ നിന്നും ഒരു മീറ്റർ വിട്ട് 1.25 മീറ്റർ ആഴത്തിൽ മണ്ണ് നീക്കം ചെയ്യുന്നതിനാണ് അനുമതി നല്കിയിട്ടുള്ളതെന്നും അതിനു വിരുദ്ധമായി അതിർത്തിയോട് ചേർന്ന് 5 മീറ്റർ ആഴത്തിൽ മണ്ണ് ഖനനം ചെയ്തിട്ടുള്ളതായി അറിയിക്കുകയും കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ, റൂൾ 10(1) പ്രകാരം സംരക്ഷണ ഉപാധികൾ നിർമ്മിക്കേണ്ടതായിട്ടുണ്ട് എന്ന് മടവൂർ ഗ്രാമ പഞ്ചായത്തിൽ നിന്നും അറിയിക്കുകയും ഉണ്ടായി. മേൽ പ്രകാരം അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ തന്റെ അതിർത്തിയിൽ നിർത്തി സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനായി താൻ തയ്യാറാണെന്ന് പഞ്ചായത്ത് അധികാരികളെയും പരാതിക്കാരനും സമീപ വസ്തു ഉടമയുമായ ശ്രീ. ടി. സി. സുരേഷിനെയും അറിയിക്കുകയും അതിനുള്ള ശ്രമങ്ങൾ ആരംഭിക്കുകയും ചെയ്തു. തദവസരത്തിൽ ടിയാൻ തർക്കം ഉന്നയിക്കുകയും തന്റെ അതിർത്തിയിൽ നിന്നും ഒരു മീറ്റർ വിട്ടു മാത്രമേ സംരക്ഷണ ഭിത്തി നിർമ്മിക്കുവാൻ അറിയിച്ചുകൊണ്ട് ജോലി തടസ്സപ്പെടുത്തുകയും ചെയ്തു. മേൽ പ്രകാരമുള്ള നിർമ്മാണം അപ്രായോഗികമായതിനാൽ താൻ പഞ്ചായത്ത് അധികാരികളെ അറിയിക്കുകയും ചെയ്തു. തുടർന്ന് 30/05/2024- ൽ അനുവദിച്ചിരുന്ന ബിൽഡിങ് പെർമ്മിറ്റ് ഏകപക്ഷീയമായി പഞ്ചായത്ത് റദ്ദ് ആക്കുകയാണ് ഉണ്ടായത്.

തനിക്ക് 4332 മെട്രിക് ടൺ മണ്ണ് നീക്കം ചെയ്യുന്നതിന് അനുമതി നല്കിയതിൽ 3200 മെട്രിക് ടൺ മണ്ണ് മാത്രമേ നീക്കിയിട്ടുള്ളൂ മേൽ സാഹചര്യത്തിൽ താൻ അധികമായി മണ്ണ് നീക്കം ചെയ്തിട്ടില്ല. മണ്ണ് നീക്കം ചെയ്ത വേളയിൽ സമീപ വസ്തു ഉടമ അനാവശ്യമായി തർക്കം ഉന്നയിക്കുകയും ആയത് പരിഹരിക്കാൻ പഞ്ചായത്ത് അധികാരികളുടെ ഭാഗത്തുനിന്നും അനുകൂല നടപടി ഉണ്ടാകാഞ്ഞതുമാണ് വീട് വയ്ക്കുന്നതിന് സാധിക്കാതെ വന്നത്. ആയതുമൂലം പെർമിറ്റ് ലഭിച്ച് ഒരു വർഷ കാലയളവിനുള്ളിൽ കെട്ടിടത്തിന്റെ അടിത്തറ നിർമ്മിച്ച് വിവരം റിപ്പോർട്ട് ചെയ്യാൻ സാധിച്ചിട്ടില്ല. ആയത് തന്റെ ഭാഗത്ത് നിന്നും ഉണ്ടായ വീഴ്ചയല്ല. മണ്ണ് എടുത്ത വേളയിൽ തർക്കം ഉണ്ടായതിനാൽ കഴിഞ്ഞ ഒരു വർഷത്തിൽ കൂടുതലായി വസ്തുക്രമരഹിതമായും കാട്ടു പിടിച്ചും കിടക്കുകയാണ്. നിലവിൽ തന്റെ വസ്തുവിൽ നീക്കം ചെയ്ത മണ്ണിന്റെ അളവ് ആയ 3200 മെട്രിക് ടണ്ണിന്റെ റോയൽറ്റിയും പിഴയും ആയി 3,20,000 രൂപ സർക്കാരിലേക്ക് ഒടുക്കാനാണ് ആവശ്യപ്പെട്ടിരിക്കുന്നത്. സർക്കാരിൽ നിന്നും അനുവദിച്ച അളവിനെക്കാൾ താഴെ മാത്രമേ നീക്കം ചെയ്തിട്ടുള്ളതിനാലും നിയമപരമായി മാത്രമേ മണ്ണ് നീക്കം ചെയ്തിട്ടുള്ളൂ എന്നതും കെട്ടിട നിർമ്മാണം നടക്കാത്തത് തന്റെ ഭാഗത്ത് നിന്നും

സംഭവിച്ച വീഴ്ച അല്ലാത്തതിനാലും നിലവിൽ തനിക്കെതിരെയുള്ള നിയമ നടപടി ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടു.

4. ടി വിഷയം സംബന്ധിച്ച് മടവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്ത വിവരങ്ങൾ ചുവടെ ചേർക്കുന്നു:

മടവൂർ ഗ്രാമപഞ്ചായത്തിൽ മടവൂർ വില്ലേജിൽ ബ്ലോക്ക് നം.28 ൽ റീസർവ്വേ നം.206/1, 206/7-1 വസ്തു ശ്രീമതി. ഷൈമ നൗഷാദ്, നീലമച്ചരഴികം, തെക്കുംഭാഗം, പരവൂർ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള വസ്തുവിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിനായി 01/10/2021 തീയതിയിൽ എ3-ബിഎ(223062)/2021, പ്രകാരം മടവൂർ ഗ്രാമപഞ്ചായത്തിൽ നിന്നും പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. ടി പെർമിറ്റ് പ്രകാരം ശ്രീമതി. ഷൈമ നൗഷാദിന്റെ പുരയിടത്തിന്റെ തെക്ക് പടിഞ്ഞാറ് അതിർത്തിയിൽ നിന്നും (ശ്രീ.സുരേഷ് കുമാർ വക വസ്തുവിൽ ചേർന്ന്) 1 മീറ്റർ വിട്ട് 1.25 മീറ്റർ ആഴത്തിൽ മണ്ണ് നീക്കം ചെയ്യുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. എന്നാൽ ഇതിന് വിരുദ്ധമായി അതിർത്തിയോട് ചേർന്ന് 5 മീറ്റർ ആഴത്തിൽ മണ്ണ് ഖനനം ചെയ്തിട്ടുള്ളതായി എഞ്ചിനീയറിംഗ് വിഭാഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ റൂൾ 10(1) പ്രകാരം ഖനനത്തിന്റെ ആഴം പ്ലോട്ട് അതിർത്തിയിൽ നിന്നുള്ള സമാന്തര അകലത്തേക്കാൾ കൂടുതലാണെങ്കിൽ സംരക്ഷണ ഉപാധികൾ നിർമ്മിക്കേണ്ടതായിട്ടുണ്ട്. മേൽപ്പറഞ്ഞ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ടാണ് മണ്ണ് ഖനനം നടന്നിരിക്കുന്നത്. ശ്രീ.ടി.സി.സുരേഷിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ 08/12/2023 ന് ഇരുകക്ഷികളേയും നേരിൽ കേൾക്കുന്നതിന് ഹിയറിംഗ് നടത്തിയിരുന്നു. എന്നാൽ ശ്രീമതി.ഷൈമ നൗഷാദ് പ്രസ്തുത ഹിയറിംഗിൽ ഹാജരായിരുന്നില്ല. കേരള കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 റൂൾ 16 പ്രകാരം അംഗീകരിച്ച പ്ലാനിൽ നിന്ന് വ്യതിചലിച്ചോ അല്ലെങ്കിൽ പെർമിറ്റിൽ നിഷ്കർഷിച്ചിരിക്കുന്ന ഏതെങ്കിലും വ്യവസ്ഥകൾ ലംഘിച്ചോ, അല്ലെങ്കിൽ നിർമ്മാണം തുടർന്നാൽ ജീവനോ അല്ലെങ്കിൽ സ്വത്തിനോ ഭീഷണിയാകുമെന്നോ തൃപ്തികരമായി ബോധ്യപ്പെടുന്ന പക്ഷം സെക്രട്ടറിക്ക് ഏതൊരു പെർമിറ്റും തടഞ്ഞ് വെക്കുകയോ അല്ലെങ്കിൽ റദ്ദ് ചെയ്യുകയോ ചെയ്യാവുന്നതാണ്. ശ്രീമതി.ഷൈമ നൌഷാദ് പെർമിറ്റ് വ്യവസ്ഥകൾക്ക് വിരുദ്ധമായി മണ്ണ് ഖനനം നടത്തിയിട്ടുള്ളത് ശ്രീ.ടി.സി.സുരേഷിന്റെ സ്വത്തിന് ഭീഷണിയാകുന്നതായി തൃപ്തികരമായി ബോധ്യപ്പെട്ടതിനാൽ മടവൂർ ഗ്രാമപഞ്ചായത്ത് അനുവദിച്ചിരുന്ന എ3-ബിഎ(223062)/2021 പെർമിറ്റ് 30/05/2024 തീയതിയിലെ ഉത്തരവ് പ്രകാരം റദ്ദ് ചെയ്തിട്ടുണ്ട്. ഖനനത്തിന് മൂവ്മെന്റ് പെർമിറ്റും ട്രാൻസിറ്റ് പാസും അനുവദിച്ചിരിക്കുന്നത് മൈനിംഗ് & ജിയോളജി വകുപ്പാണ്. ശ്രീ.റ്റി.സി.സുരേഷിന്റെ വസ്തുവിനോട് ചേർന്ന് കുത്തനേ മണ്ണിടിച്ചതായും, ടി വസ്തുവിൽ അപകടാവസ്ഥയുള്ളതായും, പെർമിറ്റിന് വിരുദ്ധമായി മണ്ണ് നീക്കം ചെയ്തതിനാൽ സർക്കാരിന് ലഭിക്കേണ്ട റോയൽറ്റി തുക നഷ്ടപ്പെടുന്നതായും, 01/10/2021 തീയതിയിൽ കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചിരുന്നുവെങ്കിലും നാളിതുവരെ കെട്ടിടത്തിന്റെ അടിസ്ഥാനം പോലും നിർമ്മിച്ചിട്ടില്ലായെന്നും 30/01/2024 തീയതി ബിപിആർഎൽ 01/2021/2812(1) പ്രകാരം മൈനിംഗ് & ജിയോളജി വകുപ്പിനെ അറിയിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സൺ & ജില്ലാ കളക്ടറുടെ 07/01/2025 തീയതിയിലെ ഡിസിടിവിഎം/33182/2024-എച്ച്5 നമ്പർ കത്ത് പ്രകാരം നിയമ ലംഘനത്തിനെതിരെ കർശനമായ നിയമന നടപടി സ്വീകരിക്കേണ്ടതും ശ്രീമതി. ഷൈമ നൌഷാദിന്റെ പുരയിടത്തിലെ മണ്ണ് ഇടിച്ചതു മൂലം അപകടാവസ്ഥയിലായ ശ്രീ.ടി.സുരേഷിന്റെ വസ്തുവിൽ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനും നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ

അടിസ്ഥാനത്തിൽ 11/03/2025 തീയതി ഇരുകക്ഷികളേയും വീണ്ടും ഹിയറിംഗ് നടത്തിയിരുന്നു. ടി ഹിയറിംഗിൽ ജില്ലാകളക്ടറുടെ നിർദ്ദേശം ഇരുകക്ഷികളേയും അറിയിച്ചതിനെ തുടർന്ന് വസ്തുവിന്റെ അതിർത്തിയോട് ചേർന്ന് സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് സമ്മതമാണെന്ന് ശ്രീമതി. ഷൈമാ നൗഷാദ് വ്യക്തമാക്കി.

5. അപ്പീൽ ഹർജി സംബന്ധിച്ച് മൈനിംഗ് & ജിയോളജി ഡയറക്ടർ റിപ്പോർട്ട് ചെയ്ത വിവരങ്ങൾ ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം ജില്ലയിൽ വർക്കല താലൂക്കിൽ മടവൂർ വില്ലേജിൽ ബ്ലോക്ക് 28ൽ റീസർവ്വേ നമ്പർ 206/7-1, 206/1 ൽ പെട്ടതും അപ്പീൽ കക്ഷിയുടെ ഉടമസ്ഥതയിലുള്ളതുമായ വസ്തുവിൽ നിന്നും കെട്ടിടനിർമ്മാണത്തിന്റെ ഭാഗമായി ഭൂമി നിരപ്പാക്കുന്നതിന് മടവൂർ ഗ്രാമപഞ്ചായത്ത് അനുവദിച്ച ബിൽഡിങ് പെർമിറ്റ്, ഡവലപ്മെന്റ് പ്ലാൻ എന്നിവയുടെ അടിസ്ഥാനത്തിൽ 4332 മെട്രിക് ടൺ സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിന് 14.3.2023 ൽ തിരുവനന്തപുരം ജില്ല ഓഫീസിൽ നിന്നും അനുമതി നൽകിയിരുന്നു. ആയതിലേക്ക് 361 മിനറൽ ട്രാൻസിറ്റ് പാസുകളും അനുവദിച്ചിരുന്നു. കെട്ടിടനിർമ്മാണത്തിന് മണ്ണ് നീക്കുന്നതിന് അനുമതി നൽകി ഒരു വർഷത്തിനുള്ളിൽ കെട്ടിടത്തിന്റെ അടിത്തറ നിർമ്മാണം എങ്കിലും പൂർത്തീകരിക്കണമെന്നുള്ള വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ് അനുമതി നൽകിയിരുന്നത്.

ശ്രീ.സുരേഷ് ടി.സി, ശ്രീപാദം, വർക്കല എന്ന വ്യക്തി അപ്പീൽ കക്ഷി മണ്ണ് നീക്കിയതിലെ വ്യവസ്ഥാലംഘനങ്ങൾ ചൂണ്ടിക്കാട്ടി 8.5.23 ന് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ 27.5.23 ന് നടത്തിയ പരിശോധനയിൽ അനുമതി നൽകിയ വസ്തുവിൽ നിന്നും 3200 മെട്രിക് ടൺ മണ്ണ് നീക്കം ചെയ്തിട്ടുള്ളതായും പരാതിക്കാരന്റെ വസ്തുവിന് അപകട ഭീഷണി ഉയർത്തുന്ന രീതിയിൽ സംരക്ഷണഭിത്തി നിർമ്മിക്കാതെ ഖനനം നടത്തിയതായും കണ്ടെത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ബിൽഡിങ് പ്ലാനിലെ വ്യവസ്ഥകൾ ലംഘിച്ച് ഖനനം നടത്തിയതിന് അപ്പീൽ കക്ഷിയുടെ മേൽ ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുന്നതിന് 17.6.23 ന് മടവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് ജില്ല ഓഫീസിൽ നിന്നും കത്ത് നൽകുകയും ചെയ്തിരുന്നു.

മടവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 30.1.24 ന് അയച്ച കത്തിൽ അപ്രൂവ്ഡ് പെർമിറ്റിന് വിരുദ്ധമായി അധിക അളവിൽ അപ്പീൽ കക്ഷി മണ്ണ് നീക്കം ചെയ്തതായും നാളിതുവരെ കെട്ടിടത്തിന്റെ അടിസ്ഥാനം പോലും നിർമ്മിച്ചിട്ടില്ല എന്നും ആകയാൽ അപ്പീൽ കക്ഷിയുടെ പേരിൽ നിയമനടപടി സ്വീകരിക്കണമെന്നും അറിയിച്ചിരുന്നു. അപ്പീൽ കക്ഷിക്ക് ജില്ലാ ഓഫീസിൽ നിന്നും മണ്ണ് നീക്കുന്നതിന് അനുമതി നൽകി ഒരു വർഷത്തിനുള്ളിൽ അടിത്തറ നിർമ്മാണം എങ്കിലും പൂർത്തിയാക്കാത്ത സാഹചര്യത്തിൽ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ 2015 ലെ ചട്ടം 14 (5) പ്രകാരം അനുമതി നൽകിയ സ്ഥലത്തു നിന്നും നീക്കം ചെയ്തതായി തിട്ടപ്പെടുത്തിയ മണ്ണിന്റെ (3200 മെട്രിക് ടൺ) റോയൽറ്റിയുടെ 5 ഇരട്ടി തുകയായ 3,20,000/- രൂപ ഒടുക്കുന്നതിന് നിർദ്ദേശം നൽകികൊണ്ട് 02.08.2024 ന് ഡിമാന്റ് നോട്ടീസ് നൽകിയത്.

ജില്ലാ ഓഫീസിൽ നിന്നും നടത്തിയ സ്ഥലപരിശോധനയുടെ അടിസ്ഥാനത്തിലാണ് ചട്ടം 14(5) പ്രകാരം നോട്ടീസ് നൽകിയിട്ടുള്ളത്. പഞ്ചായത്ത് സെക്രട്ടറിയുടെ കത്തിൽ പെർമിറ്റിനുപരിയായി മണ്ണ് നീക്കം ചെയ്തിട്ടുണ്ട് എന്ന് പരാമർശിച്ചിട്ടുള്ളതിനാൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കുന്നതിന് സെക്രട്ടറിക്ക് 2.8.24 ലെ നോട്ടീസിലൂടെ ജില്ലാ ഓഫീസിൽ നിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

6. അപ്പീൽ അധികാരി ഈ വിഷയം അപ്പീൽ കക്ഷിയുടെ വാദങ്ങളുടെയും, മടവൂർ പഞ്ചായത്ത് സെക്രട്ടറി, മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടർ എന്നിവരുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. 01.10.2021- ൽ മടവൂർ ഗ്രാമപഞ്ചായത്ത് നൽകിയ കെട്ടിട നിർമ്മാണ പെർമിറ്റ്, ഡെവലപ്മെന്റ് പ്ലാൻ എന്നിവയുടെ അടിസ്ഥാനത്തിൽ 4332 മെട്രിക് ടൺ സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിനാണ് 14/03/2023- ൽ തിരുവനന്തപുരം ജില്ലാ ഓഫീസിൽ നിന്നും അനുമതി നൽകിയത്. എന്നാൽ പെർമിറ്റ് നൽകിയതിന് വിരുദ്ധമായി അപ്പീൽ കക്ഷി മണ്ണെടുത്തുവെന്ന് അയൽപക്കക്കാരനായ ശ്രീ. സുരേഷ് കുമാർ പഞ്ചായത്തിൽ 2023- ൽ പരാതി നൽകിയതു പ്രകാരം മണ്ണെടുക്കുന്നതിന് തടസ്സം നേരിടുകയും പെർമിറ്റ് നൽകിയ അത്രയും അളവ് മണ്ണ് നീക്കം ചെയ്യുവാൻ സാധിക്കാതെ വരികയും ചെയ്തു. ശ്രീ. സുരേഷ് കുമാറിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ നിന്നും നടത്തിയ സ്ഥല പരിശോധനയിൽ 1.25 മീറ്റർ ആഴത്തിൽ മണ്ണ് ഖനനം ചെയ്യുന്നതിന് പകരം 5 മീറ്റർ ആഴത്തിൽ മണ്ണ് ഖനനം ചെയ്തിട്ടുള്ളതായി ബോദ്ധ്യപ്പെട്ടതിനാൽ കെട്ടിട നിർമ്മണ ചട്ടങ്ങൾ 2019 റൂൾ 16 പ്രകാരം 30/05/2024 ലെ ഉത്തരവ് പ്രകാരം പഞ്ചായത്ത് സെക്രട്ടറി പെർമിറ്റ് റദ്ദ് ചെയ്യുകയുണ്ടായി. ഇക്കാരണങ്ങൾ കൊണ്ടാണ് അപ്പീൽ കക്ഷിക്ക് മണ്ണ് നീക്കം ചെയ്യുന്നതിന് അനുമതി നൽകിയ തീയതി മുതലുള്ള ഒരു വർഷത്തിനുള്ളിൽ കെട്ടിടത്തിന്റെ അടിത്തറ നിർമ്മാണം നടത്തുവാൻ സാധിക്കാതെ വന്നത്. പുതിയ പെർമിറ്റ് ലഭിച്ചാൽ മാത്രമേ കക്ഷിക്ക് ബാക്കിയുള്ള മണ്ണും കൂടി ഖനനം നടത്തി നീക്കം ചെയ്ത് അടിത്തറ നിർമ്മാണം നടത്താൻ സാധിക്കുകയുള്ളൂ. എന്നാൽ 4334 MT മണ്ണ് ഖനനം നടത്തുന്നതിന് അനുമതി നൽകിയതിൽ 3200 MT മണ്ണ് മാത്രമേ ഖനനം നടത്തിയിട്ടുള്ളൂവെങ്കിലും കക്ഷി ഡെവലപ്മെന്റ് പ്ലാനിൽ നിന്നും വ്യതിചലിച്ച് 1.25 മീറ്റർ ആഴത്തിൽ മണ്ണ് നീക്കം ചെയ്യുന്നതിന് പകരം 5 മീറ്റർ ആഴത്തിൽ മണ്ണ് നീക്കം ചെയ്തിട്ടുണ്ട്. ഇപ്രകാരം ഖനനം നടത്തിയത് അനധികൃത ഖനനമായിട്ടേ കണക്കാക്കാൻ കഴിയുകയുള്ളൂ. ഈ വസ്തുതകളുടെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ അടിത്തറ നിർമ്മാണം നടത്താത്തതിന് കെ.എം.എം.സി. ചട്ടങ്ങളിലെ ചട്ടം 14 (5) പ്രകാരം തിരുവനന്തപുരം ജിയോളജിസ്റ്റ് 02/08/2024 - ൽ നൽകിയ പരാമർശം (2) പ്രകാരമുള്ള ഡിമാന്റ് നോട്ടീസ് റദ്ദ് ചെയ്തുകൊണ്ടും, ജില്ലാ ജിയോളജിസ്റ്റും, പഞ്ചായത്ത് ഉദ്യോഗസ്ഥരും ചേർന്ന് അപ്പീൽ കക്ഷിയുടെ സാന്നിദ്ധ്യത്തിൽ സംയുക്ത സ്ഥല പരിശോധന നടത്തി അനധികൃത ഖനനത്തിന്റെ അളവ് തിട്ടപ്പെടുത്തി അതനുസരിച്ചുള്ള പെനാൽറ്റി കെ.എം.എം.സി ചട്ടങ്ങൾ പ്രകാരം കണക്കാക്കി ടി തുക കക്ഷിയിൽ നിന്നും ഈടാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുന്നതിനും കക്ഷിക്ക് പഞ്ചായത്തിൽ നിന്നും പുതിയ പെർമിറ്റ് ലഭിക്കുന്ന മുറയ്ക്ക് അതനുസരിച്ച് സ്ഥലപരിശോധന നടത്തി ചട്ടപ്രകാരമുള്ള അനുയോജ്യമായ നടപടികൾ സ്വീകരിക്കുന്നതിനും തിരുവനന്തപുരം ജില്ലാ ജിയോളജിസ്റ്റിന് നിർദ്ദേശം നൽകിക്കൊണ്ടും ശ്രീമതി.ഷൈമ നൗഷാദ് പരാമർശം (3) പ്രകാരം സമർപ്പിച്ച അപ്പീൽ ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി അജിത
അഡീഷണൽ സെക്രട്ടറി
& അപ്പീൽ അധികാരി

ശ്രീമതി.ഷൈമ നൗഷാദ്, നിലമച്ചരിഴികം, തെക്കുംഭാഗം.പി.ഒ, പരവൂർ, കൊല്ലം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), തിരുവനന്തപുരം.

ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം.

ജില്ലാ ജിയോളജിസ്റ്റ്, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

Signed by
Sachin V R
Date: 23-06-2025 11:32:30